**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5168** **21-07-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച് നബാർഡിന്റെ സഹായത്തോടെയുള്ള 12.20 കോടിയുടെ ആർ.ഐ.ഡി.എഫ് (RIDF) പദ്ധതിയിൽ ഉൾപ്പെടുത്തി പെരിയാറിന്റെ തീരം കെട്ടി സംരക്ഷിച്ച് നടപ്പാത നിർമ്മിക്കുന്നതിനും, ബോട്ട് ജെട്ടി സ്ഥാപിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പൂർത്തിയാകുമ്പോൾ ഭൂതത്താൻ കെട്ട്, തട്ടേക്കാട് എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ബോട്ട് യാത്രയും തുടങ്ങിക്കൊണ്ട് ഫാം ടൂറിസം വികസിപ്പിക്കാവുന്നതാണ്.<br><br>2022-23-ൽ ഫാം ടൂറിസത്തിനുതകുന്ന പദ്ധതികൾ എറണാകുളം ജില്ലാ പഞ്ചായത്തും നടപ്പിലാക്കുന്നുണ്ട്. ടിക്കറ്റ് കൗണ്ടർ, ഭക്ഷണ ശാലകൾ, വില്പനശാലകൾ, ശുചിമുറികൾ, സംരക്ഷണ ഭിത്തി, പുതിയ ഗേറ്റും ആകർഷകമായ കമാനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഫാമിന്റെ സന്ദർശന സാധ്യതയുള്ള ഇടങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതുൾപ്പെടെ ആകെ 1.5 കോടി തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br><br>നിലവിൽ ആർ.കെ.വി.വൈ (RKVY) പദ്ധതിയിൽ പരിശീലന കേന്ദ്രം, സന്ദർശകർക്ക് താമസിക്കാനുള്ള ഗസ്റ്റ് ഹൗസ്, മത്സ്യക്കുളം, വിവിധ വിളകളുടെ പ്രദർശനത്തിനായുള്ള വിള മ്യൂസിയം (Crop Museum) എന്നിവയും ഉൾപ്പെടുന്നുണ്ട്. കെ.എൽ.ഡി.സി (KLDC) നിർവ്വഹണ ഏജൻസിയായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന ടി പ്രവർത്തികൾ 2022-23 -ൽ പൂർത്തീകരിക്കും. |
| (ബി) | ഇവിടെ ഫാം ടൂറിസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ | (ബി) | ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | താഴെപ്പറയുന്നവയാണ്.<br><br>1. സംയോജിത കൃഷി സമ്പ്രദായത്തിലൂടെ (IFS) നൂതന സാങ്കേതിക വിദ്യ പ്രകാരമുള്ള മത്സ്യകൃഷി, താറാവ് വളർത്തൽ എന്നിവ സന്ദർശകർക്ക് കണ്ടുപഠിക്കാൻ സൗകര്യം ഒരുക്കൽ.<br><br>2. ഇപ്രകാരം വളർത്തുന്ന മത്സ്യങ്ങൾ അപ്പോൾ തന്നെ പാകം ചെയ്ത് നൽകുന്നതിന് ഉതകുന്ന "വില്ലേജ് റസ്റ്റോറന്റുകൾ" ക്രമീകരിക്കൽ.<br><br>3. പെരിയാറിന്റെ തീരത്ത് കുടിലുകൾ, ഏറുമാടങ്ങൾ, കോട്ടേജുകൾ എന്നിവ പണിയുക.<br><br>4. സൈക്ലിംഗ് പാത, ഹാന്റ് റെയിൽ എന്നിവ സ്ഥാപിക്കുക.<br><br>5. മിനി അമ്യൂസ്മെന്റ് പാർക്ക്, കുട്ടികളുടെ പാർക്ക്, ഇൻഫോർമേഷൻ സെന്റർ എന്നിവ സ്ഥാപിക്കൽ.<br><br>6. ഫാമിന്റെ കവാടത്തിനു ചേർന്ന് വിപണന സൗകര്യം ഒരുക്കൽ - മെഗാ മാർട്ട് (Mall).<br><br>7. 20 ഏക്കറിൽ വിദേശ ഫലവൃക്ഷത്തോട്ടം നിർമ്മിച്ച് സന്ദർശിക്കാനുള്ള സൗകര്യം ഒരുക്കൽ.<br><br>8. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആകർഷകമായി പാക്ക് ചെയ്ത് വിൽക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ.<br><br>9. സന്ദർശകർക്ക് സഞ്ചരിക്കാനായി സൗരോർജ്ജ വാഹനങ്ങൾ ക്രമീകരിക്കൽ. |
| (സി) | എത്ര തുകയുള്ള ടൂറിസം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) | നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്ര കൃഷി വികസനത്തിനും ഫാം ടൂറിസത്തിനുമായി ആർ.കെ.വി.വൈ, ആർ.കെ.ഐ പദ്ധതികളിൽ ലഭിച്ചിട്ടുള്ള 13.75 കോടി രൂപയുടെയും, ആർ.ഐ.ഡി.എഫ് പദ്ധതിയിൽ അനുവദിച്ചിട്ടുള്ള 12.20 കോടി രൂപയുടെയും, ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ അനുവദിച്ചിട്ടുള്ള 1.5 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | ഹൈറേഞ്ചിന്റെ കവാടവും നിരവധി വിനോദസഞ്ചാരികൾ നിത്യേന സന്ദർശിക്കുന്നതുമായ പ്രസ്തുത കൃഷിഫാമിൽ, ഫാം ടൂറിസം പദ്ധതി വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (ഡി) | ഫാമിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ ഫണ്ട് ലഭ്യത ഉറപ്പാക്കി, നിർവഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം വേഗത്തിൽ പൂർത്തീകരിക്കുക വഴി ഫാം ടൂറിസം പദ്ധതിയും വേഗത്തിൽ ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ